കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം - ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകൾക്ക് പ്രവേശനത്തിനുള്ള പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (സ്പെഷ്യൽ സെൽ) വകുപ്പ്

ജി.ഒ (എം.എസ്) നം. 05/2010/പൊ.വി.വ. തിരുവനന്തപുരം, തീയതി :06.. 01 ..2010.

---

പരാമർശം: വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ 4..11..2009-ലെ സി.3/13235/09 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് പ്രവേശനത്തിനുള്ള പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ താഴെപ്പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

കേരള സംസ്ഥാന പൊതു പരീക്ഷാ ബോർഡ് നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾക്ക് പ്രവേശനത്തിന് കുറഞ്ഞ പ്രായപരിധി മേലിൽ ബാധകമാക്കേണ്ടതില്ല. ഇവർക്ക് ഉയർന്ന പ്രായപരിധിയിൽ ആറ് മാസംവരെ ബന്ധപ്പെട്ട റീജിയണൽ ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർക്ക് ഇളവ് അനുവദിക്കാവുന്നതാണ്.

മറ്റ് സംസ്ഥാന / കേന്ദ്ര ബോർഡുകൾ നടത്തുന്ന പരീക്ഷയിൽ വിജയിച്ച കുട്ടികൾക്ക് ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് പ്രവേശനത്തിന് കുറഞ്ഞ പ്രായപരിധിയിലും ഉയർന്ന പ്രായപരിധിയിലും ആറുമാസം വരെ ഹയർ സെക്കണ്ടറി

വിദ്യാഭ്യാസ ഡയറക്ടർക്കും / വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്കും ഇളവനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

കുമാരി ലക്ഷ്മി.പി.മേനോൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ റീജിയണൽ ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും ( ഹയർസെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

Endt. No: Acd/SPC/3/1371/HSE/2010 dt 27.01.10.

Copy circulated to the Principals of all Higher Secondary school ~~for~~ information.

(signature)

Joint Director (Acad)
Higher Secondary Education.

27/1/10